## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ്- നടത്തിപ്പ് ആവശ്യങ്ങൾക്കായി രണ്ട് കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(എം.എസ്)നം.388/2013/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 18.12.2013.

---

പരാമർശം:-1) സഉ(സാധാ)നമ്പർ 1913/13/തസ്വഭവ തീയതി 19/07/2013.
2) സഉ(സാധാ)നമ്പർ 2833/13/തസ്വഭവ തീയതി 20/11/2013.
3) സഉ(സാധാ)നമ്പർ 9042/13/ഫിൻ തീയതി 30/11/2013.

## ഉത്തരവ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്യുക, സംസ്ഥാനത്തിന്റെ ആശയങ്ങൾ പങ്കുവയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ രണ്ട് കോടി രൂപ ചെലവഴിച്ച് 3 ദിവസം ദൈർഘ്യമുള്ള ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ് എന്ന് നാമകരണം ചെയ്ത് ഒരു മീറ്റ് സംഘടിപ്പിക്കുന്നതിന് 19/07/2013 ലെ ജി.ഒ (ആർ.റ്റി) നമ്പർ 1913/13/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. 2014 ജനുവരി 19,20,21 തീയതികളിലാണ് സമ്മേളനം സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സമ്മേളനത്തിന്റെ നടത്തിപ്പിനായി രണ്ട് കോടി രൂപ ചെലവഴിക്കുന്നതിന് 20/11/2013 ലെ സഉ(സാധാ) നമ്പർ 2833/13/തസ്വഭവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2014 ജനുവരി 19,20,21 തീയതികളിൽ നടത്താനുദ്ദേശിക്കുന്ന ഗ്ലോബൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസിന്റെ നടത്തിപ്പിനായി രണ്ട് കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2515-800-11 ബജറ്റ് ശീർഷകത്തിൽ നിന്നും രണ്ട് തുല്യ ഗഡുക്കളായി പിൻവലിക്കുന്നതിന് സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർക്ക് അനുമതി നൽകിയും ആയതിന് തദ്ദേശസ്വയംഭരണ (എഎ) വകുപ്പിലെ അണ്ടർ സെക്രട്ടറിയെ അധികാരപ്പെടുത്തിയും ഉത്തരവു പുറപ്പെടുവിക്കുന്നു.

ഈ തുകയിൽ ആദ്യ ഗഡുവിന്റെ 70% തുക വിനിയോഗിച്ചതിനുശേഷം മാത്രം ബാക്കി തുക പിൻവലിക്കേണ്ടതാണ്. കൂടാതെ തുക പിൻവലിച്ച് ഗ്ലോബൽ കോൺഫറൻസിന്റെ ചീഫ് കോ ഓർഡിനേറ്ററുടെയും, ഫിനാൻസ് കമ്മിറ്റി കൺവീനറുടെയും പേരിൽ SBI യിൽ പുതുതായി തുടങ്ങിയിട്ടുള്ള അക്കൗണ്ട് നമ്പർ 33250925617 ൽ നിക്ഷേപിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എൽ.ബി&എ) കേരള
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
അണ്ടർസെക്രട്ടറി, തദ്ദേശസ്വയംഭരണ(എഎ) വകുപ്പ്
ധനകാര്യ വകുപ്പ്(30/11/2013 ലെ 102641/BW-J1/13/ഫിൻ പ്രകാരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ